# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത<br>ചോദ്യം നമ്പർ - 5826 | 05.07.2013-ൽ<br>മറുപടിയ്ക്ക് |

### കഞ്ഞിപ്പുര - മടാൽ ബൈപാസ് നിർമ്മാണം

| ചോദ്യം<br>ഡോ. കെ.ടി. ജലീൽ | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്തുവകുപ്പ് മന്ത്രി) |
|---|---|
| (എ) മലപ്പുറം ജില്ലയിലെ കഞ്ഞിപ്പുര - മടാൽ ബൈപാസിന് എത്ര തുകയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) 25 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) ഈ ബൈപാസ് റോഡിന്റെ നിർമ്മാണത്തിനാവശ്യമായ തുക എത്രയാണെന്നും ഇതിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് എന്തു തുകയാണ് നീക്കിവെച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | (ബി) ടി ബൈപ്പാസ് നിർമ്മാണത്തിന് ആവശ്യമായ തുക 15 കോടി രൂപയും സ്ഥലം ഏറ്റെടുക്കുന്നതിന് നീക്കി വെച്ചിട്ടുള്ള തുക 10 കോടി രൂപയുമാണ്. |
| (സി) ബൈപാസിന്റെ നിർമ്മാണത്തിനാവശ്യമായ സ്ഥലം അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ സ്ഥലം ഉടമകളിൽ നിന്നും എന്നത്തേക്ക് വിട്ടുകിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത് ; | (സി) കൈവശാടിസ്ഥാനത്തിൽ ഭൂമി അളന്ന് തിട്ടപ്പെടുത്തുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ഡി) സ്ഥലം ഉടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതുമായി ബന്ധപ്പെട്ടുള്ള നടപടിക്രമങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ ? | (ഡി) ഏറ്റെടുക്കുന്ന ഭൂമിയുടെ അടിസ്ഥാന വില നിശ്ചയിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൈവശാടിസ്ഥാനത്തിൽ ഭൂമി അളന്ന് തിട്ടപ്പെടുത്തുന്ന നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നെഗോസിയേഷൻ പ്രകാരം ഭൂവില നിശ്ചയിക്കുന്നതിന് ജില്ലാ തല വില നിർണ്ണയ സമിതി ചേരുന്നതാണ്. |

സെക്ഷൻ ഓഫീസർ